(സി) നികുതി വാങ്ങണമെന്നാവശ്യപ്പെട്ട് കർഷകർ നടത്തിയ സമരത്തിൽ എന്ത് ഉറപ്പാണ് നൽകിയത്;

(ഡി) പ്രസ്തുത ഉറപ്പ് ബന്ധപ്പെട്ടവർ പാലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81 പ്രകാരം ഇളവ് നൽകിയ തോട്ടഭൂമി വ്യാപകമായി മുറിച്ച് വിൽക്കുന്നതായും ആയത് തരം മാറ്റുന്നതുമായ പരാതിയുടെ അടിസ്ഥാനത്തിൽ മുറിച്ച് വിറ്റ് തരം മാറ്റുന്ന തോട്ടഭൂമി പോക്കുവരവ് ചെയ്ത് നൽകരുത് എന്ന് 24-3-2008- ലെ 10654/എൻ/2008/റവന്യൂ കത്ത് മുഖേന സെക്രട്ടറി ലാന്റ് ബോർഡിന് നിർദ്ദേശം നൽകിയിരുന്നു.

(ബി-ഡി) കർഷകർ നടത്തിയ സമരത്തിൽ ഒരു മാസത്തിനകം കരം അടയ്ക്കുന്നത് സംബന്ധിച്ച് നടപടി എടുക്കുന്നതാണ് എന്ന് ഉറപ്പ് നൽകിയിരുന്നു. 8-2-2016-ലെ സ.ഉ.(കൈ) നമ്പർ99/2016/റവന്യൂ പ്രകാരം M/s പ്രകാശ് പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡിൽനിന്നും വില നൽകി വാങ്ങി തരംമാറ്റി കൈവശം വച്ചുവരുന്ന 205 കുടുംബങ്ങളുടെ കൈവശ ഭൂമിയുടെ നികുതി ഈ വിഷയത്തിൽ താലൂക്ക് ലാന്റ് ബോർഡ് പുറപ്പെടുവിക്കുന്ന അന്തിമ തീരുമാനത്തിന് വിധേയമായി, തുടർന്ന് സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

പട്ടയ നടപടികൾ

169(T1236) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 2015 ജൂലൈ 9-ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ;

(ബി) യോഗതീരുമാനപ്രകാരം സംയുക്തപരിശോധന നടത്തി പട്ടയം നൽകാനുള്ള ലിസ്റ്റ് തയ്യാറാക്കിയോ എന്നും പ്രസ്തുത ലിസ്റ്റനുസരിച്ച് എത്ര ഏക്കർ ഭൂമിയ്ക്ക് പട്ടയം നൽകാനാണ് കണ്ടെത്തിയത് എന്നും വ്യക്തമാക്കാമോ ;

(സി) പട്ടയം നൽകാൻ കണ്ടെത്തിയ ഭൂമിയുടെ താലൂക്ക് തിരിച്ചുള്ള (ഡിവിഷനും റേഞ്ചും) കണക്ക് ലഭ്യമാക്കാമോ;

(ഡി) യോഗതീരുമാനപ്രകാരം ഡി.എഫ്.ഒ. മാർ തയ്യാറാക്കിയ ലിസ്റ്റ് ലഭ്യമാക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 9-7-2015 ന് ചേർന്ന യോഗത്തിന്റെ മിനിട്സ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) സംയുക്തപരിശോധന നടത്തുന്നതിലേക്ക് വനം വകുപ്പിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും നാളിതുവരെ വനംവകുപ്പിൽനിന്നും ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റ് ലഭിച്ചിട്ടില്ലാത്തതിനാൽ സംയുക്തപരിശോധന ആരംഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ലിസ്റ്റ് വനം വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല.

കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനിയുടെ ഭൂമി

170(1237) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പാട്ടത്തിന് നൽകിയ കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനിയുടെ കൈവശമുണ്ടായിരുന്ന ഭൂമി, കമ്പനി പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ച സാഹചര്യത്തിൽ സർക്കാർ ഏറ്റെടുക്കുന്നതിനും, കൊരട്ടി ഐ.ടി. പാർക്ക്, കൊരട്ടി പഞ്ചായത്ത് എന്നിവയുടെ വികസനാവശ്യങ്ങൾക്കായും വീട്ടുനൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ഐ.ടി. പാർക്കിന്റെ വൻ വികസന സാദ്ധ്യത കണക്കിലെടുത്ത്, ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി കൊരട്ടി ജംഗ്ഷനോട് ചേർന്ന കമ്പനി വക സ്ഥലത്തു നിന്നും ബസ്സ്റ്റാന്റ്, വാണിജ്യ കേന്ദ്രം, തുടങ്ങിയ അവശ്യവികസന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള സ്ഥലം കൊരട്ടി പഞ്ചായത്തിന് വീട്ടു നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനിയിൽനിന്നും സർക്കാർ ഏറ്റെടുത്ത 45.43 ഏക്കർ ഭൂമിയിൽ 30 ഏക്കർ ഭൂമി ഐ.ടി. പാർക്ക് നിർമ്മാണത്തിനുവേണ്ടി ഐ.ടി. വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 15.43 ഭൂമി കൊരട്ടി ഐ.ടി പാർക്ക് വിപുലീകരണത്തിനുവേണ്ടി KSTIL സമർപ്പിച്ച പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചുവരികയാണ്.

(ബി) മെസ്സേഴ്സ് വൈഗൈ ത്രെഡ്സ് കമ്പനി കൈവശം വച്ചുവരുന്ന ശേഷിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പ്രസ്തുത ഭൂമി ഏറ്റെടുത്തതിനു ശേഷം കൊരട്ടി പഞ്ചായത്തിന് ഭൂമി അനുവദിക്കുന്നതിനുള്ള ശിപാർശയിൻമേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly